LIBRARY ARCHIVES Kerala Legislative Assembly

മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

109 (4497) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, പ്രവേശന കവാടം എന്നീ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഏജൻസി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഈ തുക ഏതെല്ലാം രീതിയിൽ വകയിരുത്താൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

(എ&ബി) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള എസ്റ്റിമേറ്റ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ചുറ്റുമതിൽ, താങ്ങുമതിൽ എന്നിവയ്ക്കായി 99,35,541 രൂപയുടെ എസ്റ്റിമേറ്റാണ് നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ളത്. പദ്ധതി വിഹിതത്തിൽനിന്നും ടി തുക നൽകുവാൻ കഴിയുന്നതാണ്.

ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാനസൗകര്യ വികസനം

110 (4498) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് 2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) തലശ്ശേരി സർക്കാർ ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 2021-22 പദ്ധതി വിഹിതമായി മെയിൻ ബിൽഡിംഗ് റിനോവേഷന് 29,38,000 രൂപയും നാച്ചുറൽ സയൻസ് ലാബ്, കോംപോസിറ്റ് ലാബ് എന്നിവയുടെ നവീകരണത്തിനായി 10,95,795 രൂപയും അനുവദിക്കുന്നതിന് സർക്കാർ വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനമായിട്ടുണ്ട്.

കൊണ്ടോട്ടി സർക്കാർ ആർട്സ് കോളേജിലെ കോഴ്സുകൾ

111 (4499) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി സർക്കാർ ആർട്സ് കോളേജിൽ നിലവിൽ ഡിഗ്രി/പി.ജി. എന്നിവയ്ക്ക് ഏതെല്ലാം കോഴ്സുകളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കൊണ്ടോട്ടി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി.എ. ഫംഗ്ണൽ ഇംഗ്ലീഷ്, ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്സി. ഗണിതം, ബി.എ. ഉറുദു, BTHM (ബാച്ച്ലർ ഓഫ് ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്), എം.എ. ഇംഗ്ലീഷ്, എം.എസ്സി. ഗണിതം എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

(ബി) മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകളുടെ കുറവ് പരിഗണിച്ച് പ്രസ്തുത കോളേജിൽ ഡിഗ്രി/പി.ജി. എന്നിവയിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല.

മലപ്പുറം സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ

112 (4500) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ കോളേജിൽ പുതിയ പി.ജി., യു.ജി. കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കോളേജിൽ അറബി, ഹിസ്റ്ററി, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ പി.ജി.-യും, സുവോളജി, ബോട്ടണി, ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ യു.ജി.-യും ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly